"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് - ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക വകമാറ്റി Xray മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2382/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023

2. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2024ലെ കത്ത്

**<u>ഉത്തരവ്</u>**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം സംബന്ധിച്ച സ്കീം 2 ൽ ഉൾപ്പെടുത്തി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എഴുപുന്ന പ്രൈമറി ഹെൽത്ത് സെന്ററിനു 27.57 ലക്ഷം രൂപ അനുവദിച്ചിരുന്നു.

2. പുതുതായി ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച ഈ തുക ഉപയോഗപ്പെടുത്തി, സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തികൾ മേൽ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് മുഖേന നേരത്തെ തന്നെ ചെയ്തിട്ടുള്ളതിനാൽ, മേൽ ആരോഗ്യ സ്ഥാപനം ക്ഷയരോഗനിർണ്ണയ കേന്ദ്രമായി പ്രവർത്തിയ്ക്കുന്നതിനാൽ ആധുനിക രീതിയിലുള്ള Xray മെഷീനും കമ്പ്യൂട്ടഡ് സംവിധാനവും ആവശ്യമുണ്ടെന്ന എച്ച്.എം.സി. ആവശ്യം കണക്കിലെടുത്ത്, ഗ്രാമപഞ്ചായത്തിന്റെ കൂടി ശിപാർശയുടെ അടിസ്ഥാനത്തിൽ, തുറവൂർ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി "ആരോഗ്യ ഗ്രാന്റ് - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രം - എഫ്.എച്ച്.സി. എഴുപുന്ന - ഉപകരണങ്ങൾ മുതലായ വസ്തുക്കൾ വാങ്ങലും അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തലും" എന്ന പ്രോജക്ട് ഏറ്റെടുക്കുകയും ഡി.പി.സി. അംഗീകാരം ലഭ്യമാക്കി, ജില്ലാ മെഡിക്കൽ ഓഫീസർ വെറ്റ് ചെയ്തതിന് ശേഷം Xray മെഷീൻ, കമ്പ്യൂട്ടഡ് റേഡിയോഗ്രഫി സിസ്റ്റം വിത്ത് ആക്സസറീസ് എന്നിവ വാങ്ങുകയും പി.എഫ്.എം.എസ് മുഖേന അവയുടെ പേയ്മെന്റും നടത്തുകയും ചെയ്തിട്ടുണ്ടെന്നും, എന്നാൽ ഈ പ്രവൃത്തിക്ക് ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കുന്നതിന് മാനദണ്ഡങ്ങൾ പ്രകാരം അനുമതിയില്ല എന്ന വിവരം പിന്നീടാണ് ശ്രദ്ധയിൽപ്പെട്ടതെന്നും,

ഉപകരണങ്ങൾ വാങ്ങി പേയ്മെന്റും നടത്തിക്കഴിഞ്ഞിട്ടുള്ളതിനാൽ മേൽ പ്രകാരം വിനിയോഗിച്ച തുകയ്ക്ക് സാധൂകരണം ലഭ്യമാക്കുകയോ; അല്ലാത്തപക്ഷം ആരോഗ്യ ഗ്രാന്റായി ലഭ്യമായ 27,57,000/- രൂപയ്ക്ക് പകരമായി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് നിലവിൽ റോഡിതര പുനരുദ്ധാരണ ഫണ്ടിൽ നിന്നും കണ്ടെത്തുവാൻ സാധിയ്ക്കുന്ന ഇത്രയും തുക നഷ്ടപരിഹാര വകയിരുത്തലിനായി അവദിക്കുകയോ ചെയ്യണമെന്നും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 4.2(6)ൽ പ്രതിപാദിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്കായാണ് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് ഗ്രാന്റ് അനുവദിച്ചിരുന്നത്. സർക്കാർ അംഗീകാരമില്ലാതെ തുക വക മാറ്റി ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന മുന്നറിയിപ്പ് നൽകുന്നതോടൊപ്പം, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 4.2(6) പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അവ ബ്ലോക്ക് പഞ്ചായത്തിന്റെ അനുവദനീയമായ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നിർവഹിക്കണമെന്ന വ്യവസ്ഥയോടെ, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് പരാമർശിത ഉത്തരവ് പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

3. ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ എഴുപുന്ന പി.എച്ച്.സി.യിൽ നടപ്പിലാക്കുന്നുണ്ടെന്ന് ആലപ്പുഴ ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MADHUSOODHANAN V
അണ്ടർ സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്, ചേർത്തല - 688531
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ, ആരോഗ്യ വകുപ്പ്
4. മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
5. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ആലപ്പുഴ
7. ജില്ലാകളക്ടർ, ആലപ്പുഴ
8. ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ
9. ജോയിന്റ് ഡയറക്ടർ(തദ്ദേശ സ്വയംഭരണ വകുപ്പ്), ആലപ്പുഴ
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

16. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 29-09-2025 17:03:53

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്